കേരളകൗമുദി
12 ജനുവരി 2018 വെള്ളി
തിരുവനന്തപുരം





# ഡെൽറ്റ

നദികളുമായി ബന്ധപ്പെട്ട് കേൾക്കാറുള്ള വാക്കാണിത്. ഗംഗാഡെൽറ്റ, നൈൽ ഡെൽറ്റ, ആമസോൺ ഡെൽറ്റ എന്നൊക്കെ നിങ്ങൾ വായിച്ചിരിക്കും. ഭൂമിശാസ്ത്രം പഠിക്കുമ്പോൾ ഡെൽറ്റയെക്കുറിച്ച് പറഞ്ഞിരിക്കും. എന്താണ് ഡെൽറ്റ, സവിശേഷതകൾ, പ്രാധാന്യം എന്നിവയെക്കുറിച്ച് വ്യക്തമായി മനസിലാക്കാം

തയ്യാറാക്കിയത്: സജിനി ജി.

## ഡെൽറ്റ എന്നാൽ

നദികൾ, സമുദ്രങ്ങൾ, കടലുകൾ, കായലുകൾ എന്നിവയിൽ പതിക്കുമ്പോൾ നിക്ഷേപങ്ങൾ രൂപംകൊള്ളുന്നു. ഇതിന് ത്രികോണാകൃതിയായിരിക്കും. നദീമുഖ നിക്ഷേപം, നദീമുഖ തുരുത്ത് എന്നും വിളിക്കുന്നു.



## പേര് വന്ന വഴി



ഗ്രീക്ക് അക്ഷരമാലയിലെ ഡെൽറ്റ എന്ന അക്ഷരത്തിന്റെ ആകൃതിയായതിനാലാണ് നദി നിക്ഷേപങ്ങൾക്ക് ഡെൽറ്റ എന്ന പേര് വരാൻ കാരണം.

ഹെറഡോട്ടസാണ് ഈ പദം ആദ്യമായി ഉപയോഗിച്ചത്.

## രൂപീകരണ ഘട്ടങ്ങൾ

ജി.കെ. ഗിൽബർട്ട് എന്ന ശാസ്ത്രജ്ഞൻ ഡെൽറ്റയുടെ രൂപീകരണ ഘട്ടങ്ങളെ മൂന്നായി തരംതിരിച്ചിരിക്കുന്നു.

### ആദ്യഘട്ടം

ചെറിയ പാളികളായി വളരെ ചെറിയ അവസാദങ്ങൾ നിക്ഷേപിക്കപ്പെടുന്നു. ബോട്ടംസെറ്റ് ബെഡ് എന്നാണ് ഈ ഘട്ടത്തിന്റെ പേര്.

### രണ്ടാംഘട്ടം

ചെളിയും നിക്ഷേപങ്ങളും ഒന്നാംഘട്ടത്തിൽനിന്നും കൂടുതലായി നിക്ഷേപിക്കപ്പെടുന്നു. ഈ പാളിയെ ഫോർസെറ്റ് ബെഡ് എന്ന് പറയുന്നു. നിക്ഷേപിക്കപ്പെടുന്ന ഘടകങ്ങളുടെ വലിപ്പം ഈ ഘട്ടത്തിൽ കൂടുതലായിരിക്കും.

### മൂന്നാംഘട്ടം

സമുദ്രത്തിലേക്ക് നദിത്തട്ട് വ്യാപിച്ച് അവസാദങ്ങൾ കടൽത്തട്ടിലേക്ക് എത്തുന്നു. നിരവധി ചാനലുകൾ നദി സൃഷ്ടിക്കുന്നത് ഈ ഘട്ടത്തിലാണ്. ഇതിനെ ടോപ് സെറ്റ് ബെഡ് എന്ന് വിളിക്കുന്നു.

## രൂപീകരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ

1. നദികളിലെ അവസാദ നിരക്ക്
2. അവസാദങ്ങളുടെ പുനർനിക്ഷേപണം (തിരമാലകളുടെ ഫലമായി)
3. അവസാദത്തിന്റെ ഗ്രാമ്യത
4. കാലാവസ്ഥാവ്യതിയാനം
5. സമുദ്രതീരം, അടിത്തട്ട് എന്നിവയുടെ ആകൃതി
6. വേലിയേറ്റം

വളക്കൂറുള്ള മണ്ണാണ് ഡെൽറ്റകളിൽ. ഇത് കൃഷിക്ക് ഏറെ അനുയോജ്യമാണ്. ലോകത്ത് പലയിടങ്ങളിലും ഡെൽറ്റ പ്രദേശങ്ങൾ കാണപ്പെടുന്നു. ചില പ്രധാന ഡെൽറ്റകൾ.

മിസിസ്സിപ്പി ഡെൽറ്റ
വോൾഗ ഡെൽറ്റ
റോൺ ഡെൽറ്റ



# ചതുപ്പ് നിലങ്ങൾ



ജലാശയങ്ങൾക്കും കരയ്ക്കുമിടയിൽ കാണപ്പെടുന്ന മേഖലകൾ എന്ന് പറയാം. വെള്ളം കെട്ടിക്കിടക്കുന്ന ഈ പ്രദേശങ്ങളിൽ സസ്യങ്ങൾ വളരുന്നു. ഈ ചതുപ്പ് നിലങ്ങളും ഒരു ആവാസവ്യവസ്ഥിതിയാണ്. ജലാശയങ്ങൾ ചതുപ്പ് നിലങ്ങളായി മാറാറുണ്ട്. ചതുപ്പ് നിലങ്ങളെ മൂന്നായി തരംതിരിക്കാം

### 1. മാർഷ്

ഉപ്പുവെള്ളം കെട്ടിക്കിടക്കുന്ന നദീതടങ്ങൾ, താഴ്ന്ന കടലോരങ്ങൾ, ഡെൽറ്റകൾ എന്നിവയാണ് ഇതിലുൾപ്പെടുക. പുൽവർഗത്തിൽപ്പെട്ട ചെടികൾ ഇവിടെ കാണപ്പെടുന്നു. ഉപ്പ് ചതുപ്പുകൾ മരുഭൂമിയിൽ കാണപ്പെടാറുണ്ട്.



### 2. ബോഗ്

ജലാശയത്തിന് മുകളിൽ പൊങ്ങിക്കിടക്കുന്ന കട്ടികൂടിയ സസ്യജാലങ്ങളുടെ മേഖല. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന പായലുകൾ ജലത്തിന് അമ്ലത കൂട്ടുമ്പോഴാണ് ബോഗുകൾ ഉണ്ടാകുന്നത്.

### 3. സ്വാംപ്

താഴ്ന്നപ്രദേശങ്ങളിൽകാണപ്പെടുന്നു. വൃക്ഷങ്ങൾ, കുറ്റിച്ചെടികൾ, പുല്ലുകൾ എന്നിവ ഇവിടെ കാണപ്പെടുന്നു. ജലാശയങ്ങളുടെ ചരിവുകുറഞ്ഞ ഭാഗങ്ങൾ സ്വാംപുകളായി മാറാറുണ്ട്.

## കാവുകൾ

കേരളത്തിലെ പരിസ്ഥിതി സംരക്ഷണത്തിന്റെ മറ്റൊരു രൂപമാണ് കാവുകൾ എന്ന് പറയാം. ഗ്രാമങ്ങളിലാണ് ഇവ കാണപ്പെടുന്നത്. വൃക്ഷനിബിഡമായ ഇവ ചെറിയ ഹൈന്ദവ ദേവതകളെ ആരാധിക്കുന്നയിടം കൂടിയാണ്. വീടുകളോടനുബന്ധിച്ച് കാവുകൾ കാണപ്പെടുന്നു. ജൈവ വൈവിദ്ധ്യത്തിന്റെ സമ്പന്നത കൊണ്ടാണ് പരിസ്ഥിതി പ്രാധാന്യമുള്ള ഇടങ്ങളായി ഇവ മാറുന്നത്. ലോകത്തിന്റെ പല ഭാഗങ്ങളിലും ഒഡീഷ, തമിഴ്നാട്, കർണാടക, മദ്ധ്യപ്രദേശ്, ഹിമാലയൻ താഴ്‌വരകൾ, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലും കാവുകളുണ്ട്.



വള്ളിച്ചെടികൾ, കുറ്റിച്ചെടികൾ, വൃക്ഷങ്ങൾ, ഔഷധികൾ, എന്നിവയാണ് പ്രധാനപ്പെട്ട സസ്യങ്ങൾ. അരയാൽ, ഏഴിലംപാല, കാഞ്ഞിരം, കുവളം, ചെമ്പകം, ഇലഞ്ഞി, കുന്നി, മരോട്ടി മുതലായ പല വൃക്ഷങ്ങളും കാവുകളിൽ കാണാം.

പ്രധാനമായും രണ്ട് തരം ജീവികളാണ് കാവുകളിലുള്ളത്.

1. കാവുകളിൽ താമസിക്കുന്നവ

ഉദാ: ചിതൽ, തവള, പാമ്പുകൾ, ഉറുമ്പ്, തേരട്ട, പെരുച്ചാഴി, അണ്ണാൻ, കീരി, വവ്വാൽ

2. സന്ദർശിച്ച് മടങ്ങുന്നവ

ചില ജീവികൾ മുട്ടയിടാനും ഭക്ഷിക്കാനുമായി മാത്രം കാവുകൾ സന്ദർശിച്ച് മടങ്ങാറുണ്ട്. ഉദാ: ചിലയിനം പക്ഷികൾ.

### പ്രാധാന്യം

- മണ്ണൊലിപ്പ് തടയുന്നു
- ജൈവവൈവിദ്ധ്യ കലവറ
- ജലസ്രോതസുകൾ കാണപ്പെടുന്നു
- അന്തരീക്ഷ താപനിലയെ സുസ്ഥിരമാക്കുന്നു

# ബാങ്കുകളുടെ ബാങ്ക്

ഇന്ത്യയിലെ ബാങ്കിംഗ് രംഗത്തെയും രൂപയുടെ വിനിമയ മൂല്യത്തെയും നിയന്ത്രിക്കുന്നത് റിസർവ് ബാങ്കാണ്. ബാങ്കുകളുടെ ബാങ്ക് എന്നാണ് റിസർവ് ബാങ്ക് അറിയപ്പെടുന്നത്. റിസർവ് ബാങ്കിന്റെ വിശേഷങ്ങളിലേക്ക്.

1934 ലെ റിസർവ് ബാങ്ക് ഒഫ് ഇന്ത്യ ആക്ട് പ്രകാരം 1935 ഏപ്രിൽ ഒന്നിന് നിലവിൽ വന്നു. കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലാണ് റിസർവ് ബാങ്ക്.

1926 ലെ ഹിൽട്ടൺ യങ് കമ്മിഷന്റെ ശുപാർശകളാണ് റിസർവ് ബാങ്കിന്റെ രൂപീകരണത്തിന് കാരണമായത്. അഞ്ചുകോടി രൂപയായിരുന്നു ബാങ്കിന്റെ തുടക്കത്തിലെ മൂലധനം.

1949 ജനവരി ഒന്നിന് റിസർവ് ബാങ്കിനെ ദേശസാത്കരിച്ചു.

### പ്രധാന കടമകൾ

ഇന്ത്യയിൽ കറൻസി നോട്ടുകൾ പുറത്തിറക്കുന്നു. സംസ്ഥാനങ്ങളുടെ സാമ്പത്തിക മേൽനോട്ടം കൈകാര്യം ചെയ്യുക, കറൻസിയുടെ വിനിമയ മൂല്യം സൂക്ഷിക്കുക, അന്താരാഷ്ട്ര നാണയ നിധിയിൽ ഇന്ത്യയെ പ്രതിനിധികരിക്കുക.





### മുഖ്യകാര്യാലയം

കൊൽക്കത്തയിലായിരുന്നു ആദ്യം ബാങ്കിന്റെ മുഖ്യകാര്യാലയം സ്ഥിതി ചെയ്തിരുന്നത്. പിന്നീടത് മുംബയിലേക്ക് മാറ്റപ്പെട്ടു.

## ഗവർണർ

നാലുവർഷമാണ് റിസർവ് ബാങ്ക് ഗവർണറുടെ കാലാവധി. സർ ഓസ്ബോൺ സ്മിത്താണ് ആദ്യത്തെ ഗവർണർ. ഇന്ത്യക്കാരനായ ആദ്യ ഗവർണർ സർ. സി.ഡി. ദേശ്മുഖാണ്. 2016 സെപ്തംബറിൽ ചുമതലയേറ്റ ഊർജിത് പട്ടേലാണ് ഇപ്പോഴത്തെ ഗവർണർ. റിസർവ് ബാങ്കിന്റെ ഇരുപത്തിനാലാമത്തെ ഗവർണറാണ് ഡോ. ഊർജിത് പട്ടേൽ.



*മൻമോഹൻസിംഗ്*



*ഉർജിത് പട്ടേൽ*

പ്രധാനമന്ത്രിയായ മുൻ റിസർവ് ബാങ്ക് ഗവർണറാണ് ഡോ. മൻമോഹൻ സിംഗ്. 1982 മുതൽ 85 വരെ ഇദ്ദേഹം റിസർവ് ബാങ്ക് ഗവർണറായിരുന്നു.

### ശാഖകൾ

റിസർവ് ബാങ്കിന് ചെന്നൈ, ഡൽഹി, കൊൽക്കത്ത, മുംബയ് എന്നിവിടങ്ങളിലായി സോണൽ ഓഫീസുകളുണ്ട്. പത്തൊൻപത് പ്രാദേശിക ഓഫീസുകളും 11 സബ് ഓഫീസുകളും ഇതിന് പുറമെയുണ്ട്.



### കേരളത്തിൽ

കൊച്ചിയിലും തിരുവനന്തപുരത്തും റിസർവ്വ് ബാങ്കിന്റെ ഓഫീസുണ്ട്. ചെന്നൈയിൽ റിസർവ് ബാങ്ക് സ്റ്റാഫ് കോളേജും പൂനെയിൽ കോളേജ് ഒഫ് അഗ്രികൾച്ചറൽ ബാങ്കിംഗ് റിസർവ് ബാങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന പരിശീലന സ്ഥാപനങ്ങളാണ്.

### പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നവർ

റിസർവ് ബാങ്കിന്റെ മേധാവി ഗവർണർ എന്നാണറിയപ്പെടുന്നത്. ഇദ്ദേഹത്തോടൊപ്പം 19 അംഗങ്ങൾ അടങ്ങിയ ഡയറക്ടർ ബോർഡും ചേർന്നാണ് റിസർവ് ബാങ്കിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത്.

## ഉടുമ്പ്



ഒരിനം ഇഴജന്തു. വരാനിഡേ കുടുംബത്തിലെ വരാനസ് എന്ന ജനുസിൽപെടുന്നു. നീളംകൂടിയ കഴുത്ത്, വാൽ എന്നിവ പ്രത്യേകതകളാണ്. നാല് കാലിൽ സഞ്ചരിക്കുന്ന ഇവയ്ക്ക് ഉരുണ്ട കണ്ണുകളാണുള്ളത്. ശരീരം ശൽക്കങ്ങളാൽ ആവൃതമായിരിക്കുന്നു. നാവിന്റെ അറ്റം രണ്ടായി പിളർന്നിരിക്കുന്നു. നാവിനെ പുറത്തേക്ക് നീട്ടാൻ ഇവയ്ക്ക് കഴിയും.

മാംസഭുക്കുകളായ ഇവ ഇരയെ മുഴുവനായും വിഴുങ്ങുകയാണ് ചെയ്യാറ്. കൂർത്ത പല്ലുകളുള്ള ഇവ ചിലപ്പോൾ ഇരയെ ചെറിയ കഷ്ണങ്ങളാക്കാറുണ്ട്. ഉടുമ്പുകൾ ധാരാളമായി കാണപ്പെടുന്നത് മലേഷ്യ, ന്യൂഗിനിയ, ഫിലിപ്പീൻസ്, ആസ്ത്രേലിയ, ആഫ്രിക്ക എന്നിവിടങ്ങളിലാണ്. വ്യത്യസ്ത സാഹചര്യങ്ങളിലാണ് വിവിധ സ്പീഷിസുകൾ വളരുന്നത്. മരുപ്രദേശം മുതൽ നദീതീരം വരെ നീളുന്നതാണ് അവയുടെ ആവാസ വ്യവസ്ഥ.

- സാൽവേറ്റർ എന്നയിനം നദിയിൽ ജീവിക്കുന്നവയാണ്.
- ബംഗാളെൻസിസ് ആണ് ഇന്ത്യയിൽ കാണപ്പെടുന്നയിനം.

മുട്ടയിട്ടാണ് കുഞ്ഞുങ്ങളെ വിരിയിക്കുക. ഒരു കുഴി കുഴിച്ച് അതിൽ 16-34 വരെ മുട്ടകളിട്ട് കുഴിയെ മണ്ണും ഇലകളും കൊണ്ട് മൂടുന്നത് ഇന്ത്യൻ ഉടുമ്പിന്റെ സ്വഭാവമാണ്. സൂര്യപ്രകാശം കൊണ്ട് മുട്ടകൾ വിരിയും.

വാൽ ചുഴറ്റിയും ശ്വാസം ശക്തിയായി പുറത്തേക്ക് വിട്ട് ശബ്ദം പുറപ്പെടുവിച്ചും ശരീരം വീർപ്പിച്ചും ഉടുമ്പുകൾ ശത്രുക്കളെ വിരട്ടാറുണ്ട്. ഉടുമ്പിന്റെ മാംസം ചിലർ ഭക്ഷിക്കാറുണ്ട്. ഇതിന്റെ തോൽ ബാഗുകൾ, ചെരിപ്പുകൾ എന്നിവയുടെ നിർമ്മാണത്തിനുപയോഗിക്കുന്നു.